# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ / DECEMBER | 04 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**കോവിഡ് പ്രതിരോധങ്ങളിൽ വിട്ടുവീഴ്ചയില്ലാതെ സന്നിധാനം**

ശബരിമല സന്നിധാനത്ത് കോവിഡിനെതിരെ ശക്തമായ പ്രതിരോധം തീർക്കാൻ അണുവിമുക്തമാക്കുന്ന പ്രവർത്തനങ്ങൾ ഊർജിതം. ദർശനത്തിനെത്തുന്ന ഭക്തരും ജീവനക്കാരും കൂടുതൽ കടന്നു പോകുന്ന ഭാഗങ്ങളിൽ ദിവസം മൂന്ന് തവണയാണ് അണുവിമുക്തമാക്കുന്നത്. കൂടാതെ ആവശ്യമുള്ളവർക്ക് മാസ്കും സാനിറ്റൈസറും വിതരണം ചെയ്യുന്നു. കോവിഡ് പ്രോട്ടോകോൾ പാലിക്കുന്നതിന് ആരോഗ്യവകുപ്പും പൊലീസും കർശന നിർദേശങ്ങളും നൽകുന്നുണ്ട്.

അയ്യപ്പസേവാ സംഘം, വിശുദ്ധിസേന എന്നിവയുടെ നേതൃത്വത്തിൽ രാവിലെയും ഉച്ചയ്ക്കും വൈകിട്ടുമായാണ് അണുനശീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. തിരുമുറ്റം, മാളികപ്പുറം, വലിയ നടപന്തൽ തുടങ്ങിയ ഇടങ്ങളിലെ കൈവരികൾ, പതിനെട്ടാം പടി, അരവണ കൗണ്ടർ, അന്നദാന മണ്ഡപം തുടങ്ങി ഒരു ദിവസം ഏറ്റവും കൂടുതൽ പേർ കടന്നുപോകുന്ന ഭാഗങ്ങൾ അടക്കമാണ് അണുവിമുക്തമാക്കുന്നത്.

ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിലുള്ള വിശുദ്ധിസേന പ്രവർത്തകർ അണുനാശിനി തുണിയിൽ മുക്കി തുടച്ചും അയ്യപ്പസേവാ സംഘം പ്രവർത്തകർ സ്പ്രേയർ ഉപയോഗിച്ചുമാണ് കൈവരികൾ അണുനശീകരണം നടത്തുന്നത്. പുണ്യം പൂങ്കാവനം പദ്ധതിയുടെയും ഹരിഹരപുത്ര

ധർമ്മപരിപാലന സമാജത്തിന്റെയും നേതൃത്വത്തിലാണ് മാസ്കും സാനിറ്റൈസറും വിതരണം ചെയ്യുന്നത്. സമാജത്തിന്റെ നേതൃത്വത്തിൽ വൈകിട്ട് ചുക്കുകാപ്പിയും വിതരണം ചെയ്യുന്നുണ്ട്. മാലിന്യത്തിന്റെ അളവിൽ കുറവുണ്ടെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ ഏറെ സൂക്ഷ്മതയോടെയാണ് സന്നിധാനത്തെ മാലിന്യങ്ങൾ നീക്കുന്നത്.

**(പി .ആർ. ശബരി -72)**

***ഫോട്ടോ കാപ്ഷൻ***

ശബരിമല സന്നിധാനത്ത് വലിയ നടപ്പന്തലിൽ കൈവരികൾ അണുവിമുക്തമാക്കുന്ന സന്നദ്ധസേന പ്രവർത്തകർ



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ
DECEMBER **04** **2020**



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**ശബരിമലയിലെ നാളത്തെ ചടങ്ങുകൾ (05.12.2020)**
പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തൽ
5 ന്.... നട തുറക്കൽ
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതൽ 11 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
8 മണി മുതൽ 9 മണി വരെ ഉദയാസ്തമന പൂജ
11.30 ന് .....25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

(പി .ആര്‍. ശബരി -73)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 04 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


**ശബരിമലയിൽ കോവിഡ് പരിശോധന ശക്തമാക്കി ആരോഗ്യവകുപ്പ്**

കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സന്നിധാനം ഉൾപ്പെടെ ശബരിമലയിലെ വിവിധ ഇടങ്ങളിലുള്ള എല്ലാ വിഭാഗം ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും കോവിഡ് പരിശോധനയ്ക്ക് വിധേയരാക്കും. 14 ദിവസത്തിൽ അധികം സേവനം അനുഷ്ഠിക്കുന്നവർക്കായി പമ്പ സർക്കാർ ആശുപത്രിയിൽ കോവിഡ് പരിശോധനനടത്തും.

രോഗലക്ഷണങ്ങൾ സംശയിക്കുന്ന എല്ലാവർക്കും പരിശോധന സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്.പോസിറ്റീവായവരെയും അവരുടെ പ്രഥമ സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടവരെയും നിരീക്ഷണത്തിലാക്കുന്നുണ്ട്. ശബരിമലയിൽ കോവിഡ് പ്രോട്ടോകോൾ ഉറപ്പാക്കുന്നതിനായി ഡ്യൂട്ടി മജിസ്ട്രേറ്റുമാരുടെ നേതൃത്വത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധന ശക്തമാക്കി. രോഗപ്രതിരോധബോധവത്ക്കരണ പ്രവർത്തനങ്ങൾ ഉൾപ്പെടെ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾഊർജിതമാക്കി. ശബരിമലയിലെ ഹോമിയോ ഡിസ് പെൻസറിൽ നിന്നും ശരീരത്തിന്റെ സ്വാഭാവിക രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നതിനായുള്ള ഹോമിയോ ഇമ്യൂൺബൂസ്റ്റർ വിതരണം 1200 പേർ

പ്രയോജനപ്പെടുത്തി.

**(പി .ആര്. ശബരി -74)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.